(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും പൊതുജനങ്ങളുടെ എതിർപ്പുമാണ് പൊതുശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വൈദ്യുതി ശ്മശാനങ്ങളും വാതക ഇന്ധനം ഉപയോഗിച്ചുള്ള ശ്മശാനങ്ങളുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മൃതദേഹങ്ങൾ ശാസ്ത്രീയമായി മലിനീകരണമുണ്ടാകാത്ത രീതിയിൽ ദഹിപ്പിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും. പൊതു ശ്മശാനം നിലവിലില്ലാത്ത നഗരസഭകളിലും ഈ വിഷയത്തിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ പ്രകാരം 47 മുനിസിപ്പിലാറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 52 പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതിയായ 'നഗരപ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ നിർമ്മാണം' പദ്ധതിയിൽപ്പെടുത്തി നഗരസഭകൾക്ക് ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം ഇതിനായി 10 കോടിരൂപ ബഡ്ജറ്റിൽ 4217-05-800-79 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതിക്കാർക്ക് നൽകിവരുന്ന വീട് വയ്ക്കുന്നതിനുള്ള ധനസഹായവും വീട്ടുകരം വർദ്ധനവും

146(1149) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.സി/എസ്.റ്റി കോർപ്പറേഷനിൽ നിന്നും പട്ടികജാതിക്കാർക്ക് നൽകി വരുന്ന വീട്ടു വയ്ക്കുന്നതിനുള്ള ധനസഹായത്തിലെ തുകയിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിക്കാർക്ക് വീട്ടു വയ്ക്കുന്നതിന് ലഭിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് വീട്ടുകരം വർദ്ധിപ്പിക്കുന്നത് 250 സ്ക്വയർ മീറ്റർ വരെയുള്ള നിലവിലുള്ള കെട്ടിടങ്ങളെ വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതിനും നിലവിലുള്ള കരം തുടരുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ 185 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. 250 സ്ക്വയർ മീറ്റർ വരെയുള്ള നിലവിലുള്ള കെട്ടിടങ്ങളെ വർദ്ധനവിൽനിന്നും ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly